നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ റോഡ് പ്രവൃത്തികൾ

225 (3202) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ 2014-15 വർഷം നിർദ്ദേശിക്കപ്പെട്ട പയ്യോളി പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികളും മൂടാടി പഞ്ചായത്തിൽ എൽ.എസ്.ജി.ഡി. മുഖേന നടപ്പിലാക്കുന്ന പുറക്കൽ പാറക്കാട് ജി.എൽ.പി. സ്കൂൾ പ്ലേഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയും സംബന്ധിച്ച പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിച്ച്, സ്ഥലം MLA-യിൽനിന്ന് കത്ത് അതാത് പഞ്ചായത്തിൽ ലഭിച്ചത് എന്നാണ് എന്ന് വിശദമാക്കാമോ ;

(സി) എസ്റ്റിമേറ്റ് തയാറാക്കുന്നതിനായി ഈ കത്ത്/നിർദ്ദേശം അതാത് എ.ഇ-മാർക്ക് എന്നാണ് നൽകിയതെന്നും എ.ഇ.-മാർ പ്രവൃത്തി നടക്കുന്ന സൈറ്റ് എന്ന് സന്ദർശിച്ചുവെന്നും എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി എന്ന് ആരംഭിച്ചുവെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി എന്നാണ് സമർപ്പിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ഡി) മേൽ പറഞ്ഞ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഇതുവരെയും സെക്രട്ടേറിയറ്റിലോ ധനകാര്യ വകുപ്പിലോ എ.എസ്.-നായി എൽ.എസ്.ജി.ഡി. സമർപ്പിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; 31-3-2015-നകം ധനകാര്യ വകുപ്പിൽ എത്തേണ്ട LAC-ADS വർക്കുകൾ ധനകാര്യവകുപ്പിൽ എത്താത്ത സാഹചര്യത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

പഞ്ചായത്തിന്റെ പേര്	പ്രവൃത്തിയുടെ പേര്	സ്ഥലം എം.എൽ.എ.-യുടെ കത്ത് ഗ്രാമപഞ്ചായത്തിൽ ലഭിച്ച തീയതി
പയ്യോളി	ഇരിങ്ങൽ മൂരാട് പടിഞ്ഞാറെ ഇരുത്തി റോഡ്	29-8-2014
പയ്യോളി	ജനമഠം ആവിക്കൽ തടിയൻ പറമ്പിൽ അക്ഷര മഹാവിഷ്ണു ക്ഷേത്രം റോഡ്	8-10-2014
മൂടാടി	പാറക്കാട് ജി.എൽ.പി. സ്കൂൾ പ്ലേ ഗ്രൗണ്ട്	8-10-2014

(സി) (1) ജനമഠം ആവിക്കൽ തടിയൻപറമ്പിൽ അക്ഷര മഹാവിഷ്ണു ക്ഷേത്രം റോഡ് പ്രവൃത്തി, ഇരിങ്ങൽ മൂരാട് പടിഞ്ഞാറെ തിരുത്തിറോഡ്.

ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയ തീയതി : 15-10-2014

അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് സന്ദർശിച്ച തീയതി : 21-10-2014

എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി ആരംഭിച്ച തീയതി : 27-2-2015

(2) പാറക്കാട് ജി. എൽ.പി. സ്കൂൾ പ്ലേ ഗ്രൗണ്ട് നിർമ്മാണം

ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയ തീയതി 30-10-2014

അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് സന്ദർശിച്ച തീയതി : 12-11-2014

എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി ആരംഭിച്ച തീയതി : 13-3-2015

LIBRARY ARCHIVES Kerala Legislative Assembly

ടി എസ്റ്റിമേറ്റുകൾ ഭരണാനുമതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 16-3-2015-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത ഫയലുകൾ 31-3-2015-നു മുൻപായി ധനകാര്യവകുപ്പിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തീരദേശ പരിപാലന നിയമം

226 (3203) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അനുമതി നൽകുമ്പോൾ പരിഗണിക്കുന്ന വ്യവസ്ഥകൾ/മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ ;

(ബി) ഗ്രാമപഞ്ചായത്ത് തലത്തിൽനിന്നും വ്യത്യസ്തമായി എന്തെല്ലാം കാര്യങ്ങളാണ് അനുമതി നൽകുന്നതിനായി കെ.സി.ഇസഡ്.എം.എ. പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 26(4) പ്രകാരം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തടസ്സരാഹിത്യ പത്രം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ കൂടി പരിഗണിച്ചാണ് തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അനുമതി നൽകുന്നത്.

(ബി) 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം CRZ പ്രദേശങ്ങളിൽ അനുവദനീയ നിർമ്മാണങ്ങൾ നടത്തുന്നതിന് KCZMA-യ്ക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം വഴി അപേക്ഷ സമർപ്പിച്ച് അനുമതി തേടേണ്ടതാണ്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ 26-1-2013-ലെ 1722/എ 2/2012/ശാ.സാ.വ നമ്പർ സർക്കുലർ പ്രകാരവും 16-11-2013-ലെ 1779/എ 2/ 2012/ ശാ.സാ.വ സർക്കുലർ പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly